# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം 5814

02.07.2014 ലെ മറുപടിക്ക്

### വിനോദസഞ്ചാര പ്രവർത്തനങ്ങൾ

ചോദ്യം

ശ്രീ. പി. സി. ജോർജ്
ഡോ. എൻ. ജയരാജ്
ശ്രീ. റോഷി അഗസ്റ്റിൻ
ശ്രീ. എം. വി. ശ്രേയാംസ്കുമാർ

ഉത്തരം

ശ്രീ. എ.പി.അനിൽകുമാർ
(പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി)

എ) വിനോദസഞ്ചാര പ്രവർത്തനങ്ങൾ സംസ്ഥാനത്തിന്റെ സമ്പദ്ഘടനയിൽ വരുത്തിയിട്ടുളള സ്വാധീനം എത്രത്തോളമാണെന്ന് കണക്കാക്കിയിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ;

എ) കണക്കാക്കിയിട്ടുണ്ട്. 2013 കലണ്ടർ വർഷത്തിൽ 10857811 തദ്ദേശ സഞ്ചാരികളും 858143 വിദേശസഞ്ചാരികളും കേരളം സന്ദർശിക്കുകയുണ്ടായി. ഇതുവഴി സംസ്ഥാനത്ത് 22926.55 കോടി രൂപ വരുമാനമുണ്ടായി. ഇതിൽ 5560.77 കോടി രൂപ വിദേശനാണ്യമായും ലഭിച്ചു. സംസ്ഥാനത്തിന്റെ സമ്പദ്ഘടനയിൽ നിർണ്ണായക സ്വാധീനമാണ് വിനോദ സഞ്ചാര മേഖല ചെലുത്തുന്നത്. ടൂറിസത്തിലൂടെയുളള വരുമാനം സംബന്ധിച്ച് മുൻവർഷങ്ങളുമായി താരതമ്യം ചെയ്ത വിവരം ചുവടെ ചേർക്കുന്നു:

| വർഷം | വരുമാനം | വിദേശനാണ്യം |
|---|---|---|
| 2011 | 19037.00 | 4221.99 |
| 2012 | 20430.00 | 4571.69 |
| 2013 | 22926.00 | 5560.77 |

* രൂപ കോടിയിൽ

ബി) പ്രസ്തുത മേഖലയിൽ സംസ്ഥാനത്തിന്റെ വിഹിതം മുൻവർഷങ്ങളെ അപേക്ഷിച്ച് വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ടോ ;

ബി) സംസ്ഥാനത്തിന്റെ ടൂറിസം വികസനത്തിന് ആവശ്യമായ വിഹിതം മുൻ വർഷങ്ങളെ അപേക്ഷിച്ച് വർദ്ധിക്കുകയുണ്ടായി. വിവരങ്ങൾ ചുവടെ കാണുക:

(..........2)

വിശദാംശങ്ങൾ നൽകാമോ;

| സാമ്പത്തിക വർഷം | പദ്ധതി വിഹിതം |
|---|---|
| 2012-13 | 171.91 കോടി |
| 2013-14 | 191.24 കോടി |
| 2014-15 | 210.85 കോടി |

സി) പ്രസ്തുത മേഖലയിൽ കൂടുതൽ നിക്ഷേപം നടത്താൻ സംസ്ഥാനതലത്തിലും കേന്ദ്രതലത്തിലും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

സി) സംസ്ഥാനതലത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**